# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 941** **30.01.2019 ലെ മറുപടി**

**കിടങ്ങൂർ പഞ്ചായത്തിൽറെഗുലേറ്റർ-കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് : | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മീനച്ചിൽ റിവർ വാലി പദ്ധതിയുടെ കീഴിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് വേണ്ടത്ര തുക വകയിരുത്തുന്നത് സംബന്ധിച്ച് നൽകിയിരുന്ന നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) യും | കിഫ്ബി (KIIFB) യിൽ ഉൾപ്പെടുത്തി 17.10.2017-ലെ ജി.ഒ.നം. 859/2017/ഡബ്ല്യു. ആർ.ഡി നമ്പർ ഉത്തരവിലെ 5-)0 ക്രമ നമ്പറിൽ ഉൾപ്പെടുത്തി 1010 ലക്ഷം രൂപക്ക് തത്വത്തിൽ അനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പദ്ധതിവിഭാഗം - 2 ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ ഫയൽ നമ്പർ ഐ.ആർ3/12/2017/ജവിവ യും തപാൽ നമ്പർ 1231825/2017/WRD(OS) ഉം ആണ്. |
| (ബി) 4/3/2014 തീയതിയിലെ ജി.ഒ(ആർ.ടി) നം. 253/2014/ജ.വി.വ പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് വേണ്ടത്ര തുക ബഡ്ജറ്റ് (ഹെഡ് നമ്പർ 4700-21-80-97) ൽ ഇല്ലാത്തതുമൂലം സാങ്കേതിക അനുമതി വരെ ലഭിച്ച പദ്ധതി ടെണ്ടർ നടപടിയിലേക്ക് കടക്കാൻ പറ്റാത്ത അവസ്ഥ പരിശോധിച്ച് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) യും | |
| (സി) വിവിധ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് എന്ന നിലയിൽ മീനച്ചലാറിൽ റെഗുലേറ്റർ - കം -ബ്രിഡ്ജ് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ മറ്റേതെങ്കിലും ഹെഡിൽ നിന്ന് തുക മാറ്റി വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പിലെ ഫയൽ നമ്പരും ആയതിന്റെ തപാൽ നമ്പരും ലഭ്യമാക്കാമോ? | (സി) യും | |

**സെക്ഷൻ ഓഫീസർ**